LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. നീര നല്ല കാര്യമാണ്. അത് പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതില്ല. ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു പ്രൊഡ്യൂസർ കമ്പനി എന്റെ മണ്ഡലത്തിലുള്ളതാണ്. പക്ഷെ, ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നം എന്താണെന്നുള്ളത് കൃഷി വകുപ്പുമന്ത്രി അറിയണം. അമ്പത് ലക്ഷം രൂപ സബ്സിഡി കിട്ടാനുണ്ട്. പ്രായോഗികമായി പ്രൊഡ്യൂസർ കമ്പനി വലിയ പ്രയാസത്തിലാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ചില കമ്പനികൾക്ക് കൊടുത്തുകഴിഞ്ഞു. കിട്ടാത്ത കമ്പനികൾക്ക് അമ്പത് ലക്ഷം രൂപ വച്ച് കൊടുക്കുന്നതായിരിക്കും അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുകൊണ്ട് ആ കമ്പനി ഏതാണെന്ന് അന്വേഷിച്ചതന്നെ കൊടുക്കും. കാരണം കൊടുക്കാൻ നമ്മൾ തീരുമാനിച്ചതാണ്. ചില കമ്പനികൾക്ക് കിട്ടിയെന്നുള്ള കാര്യം എനിക്ക് നേരിട്ട് അറിയാം. കിട്ടാത്ത കമ്പനികളുണ്ട്, അവയ്ക്ക് എത്രയും വേഗം നൽകും. ഇവിടെ ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദനത്തെക്കുറിച്ച് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു.

IX. അറിയിപ്പ്

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഭയുടെ consensus മനസ്സിലാക്കി അൽപ്പംകൂടി സമയം നീട്ടിക്കൊടുക്കുകയാണ്. 01.30 എന്നുള്ളത് വേവ് ചെയ്തിരിക്കുന്നു.

(നിയമനിർമ്മാണകാര്യം - തുടർച്ച)

ശ്രീ. ഉമ്മൻ ചാണ്ടി : സർ, മറ്റാരുടെയും ഇടപെടലില്ലെങ്കിൽ അഞ്ചുമിനിട്ട് കൊണ്ട് ഞാൻ അവസാനിപ്പിക്കാം. ചോദിച്ചാൽ എനിക്ക് വഴങ്ങാതിരിക്കാൻ കഴിയില്ല. ആർ. ശങ്കർ ജീവിച്ചിരുന്ന കാലത്ത് ഒരിക്കൽപോലും അന്നത്തെ ജനസംഘത്തിന്റെ ആശയങ്ങളോട് താൽപ്പര്യം കാണിച്ചിട്ടുള്ള ആളല്ല. ജീവിതകാലം മുഴുവൻ കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള രാഷ്ട്രീയ നേതാവാണ്. അദ്ദേഹത്തെ ആര് വിചാരിച്ചാലും ആർ.എസ്.എസ്സോ സംഘപരിവാറോ ആക്കാൻ സാധിക്കില്ല. ഇന്നലെ, കൊല്ലത്ത് അദ്ദേഹത്തിന്റെ പ്രതിമ അനാച്ഛാദനം ചെയ്യുന്ന പരിപാടി നടക്കുമ്പോൾ അദ്ദേഹത്തിന്റെ മകനും മകളും എവിടെയായിരുന്നു? ഇവിടെ കോൺഗ്രസിന്റെ പ്രാർത്ഥനാ യജ്ഞത്തിലാണ് അവർ പങ്കെടുത്തത്. അതാണ് ആ കുടുംബത്തിന്റെ മഹത്വം, ആർ. ശങ്കറിന്റെ പൈതൃകം അതാണ്. ആർ.